മാധ്യമം

# ചരിത്രം മാറ്റിയെഴുതുന്നതിനെതിരെ മൂന്ന് പതിറ്റാണ്ട് മുമ്പ് കോവിലന്റെ മുന്നറിയിപ്പ്



കോവിലൻ എഴുതിയ ലേഖനം

ഗുരുവായൂർ: ചരിത്രവും സ്ഥലനാമങ്ങൾ മാറ്റിയെഴുതുന്ന കാലം മൂന്ന് പതിറ്റാണ്ട് മുമ്പേ ദീർഘദർശനം ചെയ്ത് സാഹിത്യകാരൻ കോവിലൻ. ബാബരി മസ്ജിദ് തകർക്കപ്പെട്ട ശേഷം 2012 ഡിസംബർ 28ന് എഴുതിയ 'ശിഥില ധാരകൾ കണ്ണീരിൽ' എന്ന ലേഖനത്തിലാണ് ചരിത്രാം മാറ്റിയെഴുതുകയും സ്ഥലനാമങ്ങൾ മാറ്റുകയും ചെയ്യുന്നവരെ കാലം വിഡ്ഢികൾ' എന്ന് വിളിക്കുമെന്ന് മുന്നറിയിപ്പ് നൽകിയത്. കോവിലൻ ജന്മശതാബ്ദിയോടനുബന്ധിച്ച് നടത്തിയ പ്രദർശനത്തിലാണ് അദ്ദേഹത്തിന്റെ കൈപ്പടയിലുള്ള ഈ ലേഖനം ഉണ്ടായിരുന്നത്. 'ചെങ്കോട്ട നമുക്ക് നിലനിർത്തണം. മുഗൾ - പേഴ്സ്യൻ ശൈലിയിൽ നിർമിക്കപ്പെട്ട എല്ലാ ഇമാരത്തുകളും താജ്മഹലും വാഴട്ടെ. സ്ഥലനാമങ്ങളും മായ്ച്ചുകളയേണ്ടതില്ല. പുസ്തകതാളുകളിൽ ചരിത്രാം മാറ്റിയും മറിച്ചും എഴുതാൻ കഴിഞ്ഞേക്കും. ഭൂമിയും മനുഷ്യനും ചരിത്രാം നിലനിർത്തും, വരും കാലങ്ങളിൽ നമ്മൾ ഇപ്പോൾ ചെയ്ത, ചെയ്യാൻ കച്ചകെട്ടിയ കർമപരമ്പരകൾ തിരിച്ചടി സൃഷ്ടിക്കും. വിഡ്ഢികൾ എന്ന് അക്കാലങ്ങളിൽ മനുഷ്യൻ നമ്മെ ഓർക്കും' - കോവിലൻ തന്റെ ലേഖനത്തിൽ കുറിച്ചതിങ്ങനെയായിരുന്നു. നമുക്ക് മനസ്സിൽ പർണശാല കെട്ടാം, ബാങ്ക് വിളിക്കാം, ഹല്ലേലൂയ പാടാം എന്നും കുറിച്ചിട്ടുണ്ട്. കെ.ആർ. വിനയന്റെ കോവിലൻ ചിത്രങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു. പ്രദർശനം എൻ.കെ. അക്ബർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കോവിലന്റെ മകൾ അമിതയും സംബന്ധിച്ചിരുന്നു.

മാധ്യമം

# കോവിലന്റെ നൂറാം പിറന്നാൾ ആഘോഷിച്ച് തട്ടകം

**ഗുരുവായൂർ:** 'തട്ടകം' കോവിലന്റെ ജന്മശതാബ്ദി ആഘോഷിച്ചു. സെമിനാറുകൾ, പ്രദർശനം, സുഹൃദ് സമ്മേളനം എന്നിവയോടെയാണ് കോവിലന്റെ വിഖ്യാത കൃതിയായ തട്ടകത്തിന്റെ പരിസരം ഉൾപ്പെടുന്ന ഗുരുവായൂരിൽ ആഘോഷങ്ങൾ സംഘടിപ്പിച്ചത്. കേന്ദ്ര സാഹിത്യ അക്കാദമിയും കോവിലൻ ഇന്റർനാഷനൽ പഠന ഗ്രൂപ്പും ചേർന്നാണ് ലൈബ്രറി ഹാളിൽ ചടങ്ങുകൾ ഒരുക്കിയത്. മറാത്തി നോവലിസ്റ്റ് ലക്ഷ്മൺ ഗെയ്ക്വാദ് ഉദ്ഘാടനം ചെയ്തു. മാറ്റിനിർത്തപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്തവരിലേക്ക് മലയാള സാഹിത്യത്തെ കൊണ്ടുപോയ വ്യക്തിയായിരുന്നു കോവിലനെന്ന് അദ്ദേഹം പറഞ്ഞു.

രാഷ്ട്രീയ ശരികളിലേക്ക് നമ്മെ പ്രചോദിപ്പിക്കുന്നതാണ് കോവിലന്റെ രചനകളെന്ന് അധ്യക്ഷത വഹിച്ച കേന്ദ്ര സാഹിത്യ അക്കാദമി മലയാള വിഭാഗം കൺവീനർ കെ.പി. രാമനുണ്ണി പറഞ്ഞു. കോവിലന്റെ തട്ടകത്തിൽ കാലം മുന്നോട്ടുപോവുകയല്ല തളം കെട്ടി നിൽക്കുകയാണെന്ന് ശതാബ്ദി പ്രഭാഷണം നടത്തിയ കാലടി സർവകലാശാല വൈസ് ചാൻസലർ ഡോ. എം.വി. നാരായണൻ പറഞ്ഞു. പി.എൻ. ഗോപീകൃഷ്ണൻ, കെ.വി. സജയ്, ഡോ. കെ.എസ്. രവികുമാർ, വിജു നായരങ്ങാടി, ഡോ. എം. അനിൽ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ഡോ. അനിൽ വള്ളത്തോൾ, ഡോ. സാബു കോട്ടുക്കൽ, കെ.എ. മോഹൻദാസ്, കെ.വി. സുബ്രഹ്മണ്യൻ, പി. ഷംസുദ്ദീൻ, എ.എച്ച്. അക്ബർ, ജിതേഷ് ആസാദ്, കെ.വി. വിവിധ് എന്നിവർ സംസാരിച്ചു. സമാപന സമ്മേളനം രാധാകൃഷ്ണൻ കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു.

പി.ടി. കുഞ്ഞുമുഹമ്മദ് അധ്യക്ഷത വഹിച്ചു. ആലങ്കോട് ലീലാകൃഷ്ണൻ, നന്ദിനി മേനോൻ, കെ.വി. അബ്ദുൾ ഖാദർ, വേണു ഇടക്കഴിയൂർ, കെ.വി. രവീന്ദ്രൻ എന്നിവർ സംസാരിച്ചു.



കേന്ദ്ര സാഹിത്യ അക്കാദമിയും കോവിലൻ ഇന്റർനാഷനൽ പഠന ഗ്രൂപ്പും ചേർന്ന് സംഘടിപ്പിച്ച കോവിലൻ ജന്മശതാബ്ദിയിൽ കാലടി സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. എം.വി. നാരായണൻ മുഖ്യപ്രഭാഷണം നടത്തുന്നു

# വിശപ്പ് എന്നെ എഴുത്തുകാരനാക്കി -ലക്ഷ്മൺ ഗെയ്ക്വാദ്

**ഗുരുവായൂർ:** തന്നെ സാഹിത്യകാരനാക്കിയതിൽ വിശപ്പിന് വലിയ പങ്കുണ്ടെന്ന് മറാത്തി സാഹിത്യകാരൻ ലക്ഷ്മൺ ഗെയ്ക്വാദ്. കേന്ദ്ര സാഹിത്യ അക്കാദമിയും അന്തർദേശീയ കോവിലൻ പഠന ഗ്രൂപ്പും ചേർന്ന് സംഘടിപ്പിച്ച കോവിലൻ ജന്മശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുമ്പോഴാണ് ഗെയ്ക്വാദ് തന്റെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചത്. മോഷണം കുലത്തൊഴിലാക്കിയ നാടോടിഗോത്രത്തിലായിരുന്നു തന്റെ ജനനം. വിശപ്പ് സഹിച്ചാണ് സ്കൂളിൽ പോയത്. എത്രയോ തവണ മറ്റുള്ളവരുടെ മുന്നിൽ നാണംകെട്ട് നിൽക്കേണ്ടി വന്നിട്ടുണ്ട്.

ആദ്യമായി സ്കൂളിലെത്തിയ സമയത്ത് മറ്റു താഴ്ന്ന ജാതിക്കാരടക്കം തന്നെ അകറ്റിനിർത്തി. അലിഖിത നിയമങ്ങൾ ലംഘിച്ച് സ്കൂളിൽ പോയതിന് തന്റെ ഗോത്രക്കാരും അകറ്റി. ഗ്രാമപഞ്ചായത്ത് പോലും തനിക്കെതിരായിരുന്നു. എഴുത്തുകാരനായി മാറിയപ്പോൾ ആദിവാസികളുടെയും ദരിദ്രരുടെയും ദലിതരുടെയും ജീവിതമാണ് എഴുത്തിന് ആധാരമാക്കിയത്. അവരുടെ ഉന്നമനത്തിനായി പൊതുസമൂഹത്തിൽ ഇടപെടൽ നടത്തുകയും ചെയ്തു.

സ്വാതന്ത്ര്യം ലഭിച്ച് 75 വർഷം കഴിഞ്ഞിട്ടും നാടോടി വിഭാഗങ്ങൾ ഭരണഘടനക്ക് പുറത്താണ്. പാവപ്പെട്ടവന്റെ വിശപ്പ് മാറ്റാനാണ് ദേശസ്നേഹം ഉപയോഗപ്പെടുത്തേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

മാധ്യമം

# കോവിലന്റെ നൂറാം പിറന്നാൾ ആഘോഷിച്ച് തട്ടകം

**ഗുരുവായൂർ:** 'തട്ടകം' കോവിലന്റെ ജന്മശതാബ്ദി ആഘോഷിച്ചു. സെമിനാറുകൾ, പ്രദർശനം, സുഹൃദ് സമ്മേളനം എന്നിവയോടെയാണ് കോവിലന്റെ വിഖ്യാത കൃതിയായ തട്ടകത്തിന്റെ പരിസരം ഉൾപ്പെടുന്ന ഗുരുവായൂരിൽ ആഘോഷങ്ങൾ സംഘടിപ്പിച്ചത്. കേന്ദ്ര സാഹിത്യ അക്കാദമിയും കോവിലൻ ഇന്റർനാഷനൽ പഠന ഗ്രൂപ്പും ചേർന്നാണ് ലൈബ്രറി ഹാളിൽ ചടങ്ങുകൾ ഒരുക്കിയത്. മറാത്തി നോവലിസ്റ്റ് ലക്ഷ്മൺ ഗെയ്ക്വാദ് ഉദ്ഘാടനം ചെയ്തു. മാറ്റി നിർത്തപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്യുന്നവരിലേക്ക് മലയാള സാഹിത്യത്തെ കൊണ്ടുപോയ വ്യക്തിയായിരുന്നു കോവിലനെന്ന് അദ്ദേഹം പറഞ്ഞു.




കേന്ദ്ര സാഹിത്യ അക്കാദമിയും കോവിലൻ ഇന്റർനാഷനൽ പഠന ഗ്രൂപ്പും ചേർന്ന് സംഘടിപ്പിച്ച കോവിലൻ ജന്മശതാബ്ദിയിൽ കാലടി സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. എം.വി. നാരായണൻ മുഖ്യപ്രഭാഷണം നടത്തുന്നു

രാഷ്ട്രീയ ശരികളിലേക്ക് നമ്മെ പ്രചോദിപ്പിക്കുന്നതാണ് കോവിലന്റെ രചനകളെന്ന് അധ്യക്ഷത വഹിച്ച കേന്ദ്ര സാഹിത്യ അക്കാദമി മലയാള വിഭാഗം കൺവീനർ കെ.പി. രാമനുണ്ണി പറഞ്ഞു. കോവിലന്റെ തട്ടകത്തിൽ കാലം മുന്നോട്ടുപോവുകയല്ല തളം കെട്ടി നിൽക്കുകയാണെന്ന് ശതാബ്ദി പ്രഭാഷണം നടത്തിയ കാലടി സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. എം.വി. നാരായണൻ പറഞ്ഞു. പി.എൻ. ഗോപീകൃഷ്ണൻ, കെ.വി. സജയ്, ഡോ. കെ.എസ്. രവികുമാർ, വിജു നായരങ്ങാടി, ഡോ. എം. അനിൽ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ഡോ. അനിൽ വള്ളത്തോൾ, ഡോ. സാബു കോട്ടുക്കൽ, കെ.എ. മോഹൻദാസ്, കെ.വി. സുബ്രഹ്മണ്യൻ, പി. ഷംസുദ്ദീൻ, എ.എച്ച്. അക്ബർ, ജിതേഷ് ആസാദ്, കെ.വി. വിദ്യ എന്നിവർ സംസാരിച്ചു. സമാപന സമ്മേളനം രാധാകൃഷ്ണൻ കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു.

പി.ടി. കുഞ്ഞുമുഹമ്മദ് അധ്യക്ഷത വഹിച്ചു. ആലങ്കോട് ലീലാകൃഷ്ണൻ, നന്ദിനി മേനോൻ, കെ.വി. അബ്ദുൾ ഖാദർ, വേണു ഇടക്കഴിയൂർ, കെ.വി. രവീന്ദ്രൻ എന്നിവർ സംസാരിച്ചു.

# വിശപ്പ് എന്നെ എഴുത്തുകാരനാക്കി -ലക്ഷ്മൺ ഗെയ്ക്വാദ്

**ഗുരുവായൂർ:** തന്നെ സാഹിത്യകാരനാക്കിയതിൽ വിശപ്പിന് വലിയ പങ്കുണ്ടെന്ന് മറാത്ത സാഹിത്യകാരൻ ലക്ഷ്മൺ ഗെയ്ക്വാദ്. കേന്ദ്ര സാഹിത്യ അക്കാദമിയും അന്തർദേശീയ കോവിലൻ പഠന ഗ്രൂപ്പും ചേർന്ന് സംഘടിപ്പിച്ച കോവിലൻ ജന്മശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുമ്പോഴാണ് ഗെയ്ക്വാദ് തന്റെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചത്. മോഷണം കുലത്തൊഴിലാക്കിയ നാടോടിഗോത്രത്തിലായിരുന്നു തന്റെ ജനനം. വിശപ്പ് സഹിച്ചാണ് സ്കൂളിൽ പോയത്. എത്രയോ തവണ മറ്റുള്ളവരുടെ മുന്നിൽ നാണംകെട്ട് നിൽക്കേണ്ടി വന്നിട്ടുണ്ട്.

ആദ്യമായി സ്കൂളിലെത്തിയ സമയത്ത് മറ്റു താഴ്ന്ന ജാതിക്കാരടക്കം തന്നെ അകറ്റിനിർത്തി. അലിഖിത നിയമങ്ങൾ ലംഘിച്ച് സ്കൂളിൽ പോയതിന് തന്റെ ഗോത്രക്കാരും അകറ്റി. ഗ്രാമപഞ്ചായത്ത് പോലും തനിക്കെതിരായിരുന്നു. എഴുത്തുകാരനായി മാറിയപ്പോൾ ആദിവാസികളുടെയും ദരിദ്രരുടെയും ദലിതരുടെയും ജീവിതമാണ് എഴുത്തിന് ആധാരമാക്കിയത്. അവരുടെ ഉന്നമനത്തിനായി പൊതുസമൂഹത്തിൽ ഇടപെടൽ നടത്തുകയും ചെയ്തു.

സ്വാതന്ത്ര്യം ലഭിച്ച് 75 വർഷം കഴിഞ്ഞിട്ടും നാടോടി വിഭാഗങ്ങൾ ഭരണഘടനക്ക് പുറത്താണ്. പാവപ്പെട്ടവന്റെ വിശപ്പ് മാറ്റാനാണ് ദേശസ്നേഹം ഉപയോഗപ്പെടുത്തേണ്ടതെന്നും അദ്ദേഹം പറഞ്ഞു.